# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:931** **29/09/2016-ൽ മറുപടിയ്ക്ക്**

## തീരദേശ വികസന കോർപ്പറേഷന്റെ ശാക്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ,<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ്: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തെ തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച കർമ്മപരിപാടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | എ) കേരളത്തിന്റെ തീരദേശ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊ ണ്ട് നിലവിൽ ഉണ്ടായിരുന്ന തീരദേശ വികസന ഏജൻസിയെ പുനസംഘടിപ്പിച്ച് കൊണ്ടാണ് 1956 ലെ കമ്പനീസ് ആക്ട് അനുസരിച്ച് ഒരു കമ്പനിയായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ രൂപീകൃതമായത്. സംസ്ഥാന ബഡ്ജറ്റ്, കേന്ദ്ര സർക്കാർ, എൻ.എഫ്.ഡി.ബി., നബാർഡ്, മറ്റ് ദേശീയ ധനസഹായ സ്ഥാപനങ്ങൾ എന്നീ സാമ്പത്തിക സ്രോതസ്സുകളിൽ നിന്നും ഫണ്ട് സ്വരൂപിച്ചാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കിക്കൊ ണ്ടിരിക്കുന്നത്.<br><br>സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് നിർമ്മാണം, കോൾഡ് ചെയിൻ സംവിധാനം, മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം, ബേസിക് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ആന്റ് ഹ്യൂമൺ ഡെവലപ്മെന്റ് ഓഫ് |

ഫിഷർഫോക്ക് തുടങ്ങിയവയാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പ്രധാന പദ്ധതികൾ. ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി അതാത് സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ അവ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തുവരുന്നു. പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചു നൽകിയിട്ടു ണ്ട്.

| | |
|---|---|
| ബി) കടൽക്ഷോഭത്തിൽ കിടപ്പാടം നഷ്ടപ്പെട്ടവർക്കും മത്സ്യബന്ധനത്തിനിടയിൽ ജീവഹാനി സംഭവിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും ജീവതസുരക്ഷ ഉറപ്പാക്കുന്നതിന് പര്യാപ്തമായ കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ? | ബി) മത്സ്യബന്ധനത്തിനിടെ ജീവഹാനി സംഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കായി കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു ണ്ട്. മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസായി 5 ലക്ഷം രൂപ നൽകി വരുന്നു. മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് മുഖേനയും നടപ്പിലാക്കുന്നു ണ്ട്. മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ മത്സ്യഫെഡ് നൽകുന്നു ണ്ട്. കടൽക്ഷോഭത്തിൽ കിടപ്പാടം നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി അവർക്ക് മൂന്ന് സെന്റ് വരെ ഭൂമി വാങ്ങി വീട്ടു നിർമ്മിക്കുന്നതിന് പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ആഫീസർ